162477/2023

## അനുബന്ധം - H4

ശ്രീമതി. ഷൈനി സി എബ്രഹാം, ക്ലർക്ക് വഴിക്കടവ് ഗ്രാമപഞ്ചായത്ത് എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960 -ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ പ്രതിവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോടു നിർദ്ദേശിച്ചുകൊണ്ടുള്ള 30/03/2022 ംാം തീയതിയിലെ DDP-MPM/1087/2021-D4 നമ്പർ കാരണം കാണിക്കൽ നോട്ടീസ് 06/08/2022 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ആ കാരണം കാണിക്കൽ നോട്ടീസ് വിതരണം ചെയ്യപ്പെടാതെ 'Left India, Return to sender' എന്ന പുറത്തെഴുത്തു സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ടുമെന്റിലേക്ക് മടക്കി. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കാരണം കാണിക്കൽ നോട്ടീസിന് നിങ്ങളുടെ ലിഖിതമായ പ്രതിവാദപത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം നിങ്ങൾക്കു യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കാരണം കാണിക്കൽ നോട്ടിസിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്കു മുമ്പ് ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വംഭരണ വകുപ്പ്, തദ്ദേശ സ്വംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ (പി.ഒ), മലപ്പുറം ഓഫീസിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്കു വാങ്ങാവുന്നതാണ്.

Signed by
Preeti Menon
Date: 27-12-2023 23:52:42

ജോയിന്റ് ഡയറക്ടർ

തദ്ദേശ സ്വംഭരണ വകുപ്പ്, തദ്ദേശ സ്വംഭരണ
വകുപ്പ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ (പി.ഒ), മലപ്പുറം - 676505

To.

(ഷൈനി സി എബ്രഹാം C/o ജോസഫ്.പി.ജെ
പള്ളത്ത് കുഴിയിൽ (ഹൌസ്)
മൊടപ്പൊയ്ക (പി.ഒ)
മലപ്പുറം - 679331)]